ഫോർസ് കമ്പനിയും തമ്മിൽ നടന്ന ഇടപാടിൽ ദല്ലാളിമാർ ഉണ്ടായിരുന്നതിനും തെളിവില്ല എന്നു കമ്മിററി അഭിപ്രായപ്പെടുന്നു.

കമ്മിററിയിൽ ഒരംഗമായിരുന്ന അല്ലാഡി അരുണ (എ. ഐ. എ. ഡി. എം. കെ. പാർട്ടിക്കാരനായ രാജ്യസഭാംഗം) പറയുന്നതു്, കമ്മിററിയുടെ റിപ്പോർട്ട് സത്യാവസ്ഥ മറച്ചുവെക്കുന്നു എന്നാണ്. ബോഫോർസ് കമ്പനിയിൽനിന്നു കോഴ വാങ്ങിയതു് ഇന്ത്യക്കാരോ അവരുടെ സഹായികളോ ആകാനേ തരമുള്ള എന്നും അവരുടെ പേരുകൾ മറച്ചുവെക്കുന്നതിൽ ബോഫോർസ് കമ്പനിയുമായി ഇന്ത്യാഗവണ്മെൻറ് സഹകരിച്ചിരിക്കുകയാണെന്നും ഈ വസ്തുതകൾ തങ്ങളുടെ റിപ്പോർട്ടിൽ കമ്മിററി മൂടിവെച്ചിരിക്കുകയാണെന്നും അല്ലാഡി അരുണ കമ്മിററി റിപ്പോർട്ടിനു താൻ എഴുതിച്ചേർത്ത വിയോജനക്കുറിപ്പിൽ പറയുന്നു.

ജോയിൻറ് പാർലമെൻററി കമ്മിററിയുടെ റിപ്പോർട്ട് ഈ വിഷയത്തിൽ അവസാന വാക്കല്ല. അതു് ആരേയും തൃപ്തിപ്പെടുത്തിയിട്ടില്ല.

വ്യക്തമായ വസ്തുതകൾ ഇവയാണ്:

ബോഫോർസ് പീരങ്കി ഇടപാടിൽ ദല്ലാളികൾ ഉണ്ടായിരുന്നു.

ഇവർക്കു് അറുപത്തിനാലുകോടി രൂപയെങ്കിലും കോഴയായി ബോഫോർസ് കമ്പനി നൽകിയിട്ടുണ്ടു്.

ഈ ദല്ലാളിമാരെപ്പററി ഒട്ടേറെ വിവരങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ടു്.

പക്ഷേ, ഇവർ ആരെല്ലാമെന്നോ കോഴപ്പണം എങ്ങനെ വിനിയോഗിക്കപ്പെട്ടുവെന്നോ വെളിപ്പെടുത്തുന്നതിലല്ല മൂടിവെക്കുന്നതിലാണ് ഇന്ത്യാഗവണ്മെൻറിനു താല്പര്യം എന്നു സംശയിക്കത്തക്ക സാഹചര്യങ്ങളാണുള്ളതു്.

പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ സൽകീർത്തിക്കു് ഇതുമൂലം വളരെയധികം മങ്ങലേററിരിക്കുന്നു. ഈ കോഴയെ സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ ഇന്ത്യാഗവണ്മെൻറ് വെളിപ്പെടുത്തുംവരെ രാജീവ്ഗാന്ധിക്കു് ഈ കോഴയുമായി ബന്ധമുണ്ടെന്ന ജനങ്ങളുടെ സംശയം നിലനിൽക്കുകയും ചെയ്യും.

(29 ഏപ്രിൽ, 1988)

# 30. ഹിന്ദുജാകുടുംബം

ഹിന്ദുജാകുടുംബത്തെപ്പററി സാധാരണ ഇന്ത്യക്കാർ ധാരാളമായി കേട്ടുതുടങ്ങിയതു് അടുത്തകാലത്തു മാത്രമാണ്. സ്വീഡനിലെ ബോഫോർസ് കമ്പനിയിൽനിന്നു് ആയിരത്തെഴുനൂറുകോടി രൂപ വിലയുള്ള പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവണ്മെൻറ് തീരുമാനിച്ചു. ഈ ഇടപാടിൽ ഇടനിലക്കാർ ഉണ്ടാവരുതു് എന്നതായിരുന്നു തുടക്കത്തിൽത്തന്നെ ഇന്ത്യാഗവണ്മെൻറ് ഉന്നയിച്ച വ്യവസ്ഥ. എന്നിട്ടും ഇന്ത്യാഗവണ്മെൻറിനു പീരങ്കിവില്ക്കാൻ തങ്ങളെ സഹായിച്ചതിനു് ആർക്കൊക്കെയോ വൻതുകകൾ ബോഫോർസ് കമ്പനി രഹസ്യമായി കോഴ കൊടുത്ത വിവരം സ്വീഡിഷ് റേഡിയോ പുറത്തു കൊണ്ടുവന്നു. കോഴയിനത്തിൽ അറുപത്തിനാലുകോടി രൂപ സ്വിററ്സർലൻഡിലെ ചില ബാങ്കുകളിൽ, പിററ്കോ, മോറെസ്കോ, മോയ്നിയാവോ എന്നീ പേരുകളുള്ള കമ്പനികളുടെ കണക്കുകളിലാണ് നിക്ഷേപിക്കപ്പെട്ടതു്. ഇവയിൽ പിററ്കോ എന്ന കമ്പനിയുമായി ഹിന്ദുജാകുടുംബത്തിനു ബന്ധമുണ്ടെന്ന വസ്തുത 1988 ഏപ്രിലിൽ 'ഹിന്ദു' പത്രം അന്വേഷണം നടത്തി കണ്ടെത്തി. മററു രണ്ടു കമ്പനികളും, അവ യഥാർത്ഥത്തിൽ ഉള്ളവയെങ്കിൽ ഹിന്ദുജകളുടേതു

തന്നെയായിരിക്കാം. ഏതായാലും ബോഫോർസ് കോഴയിൽ വലിയ ഒരംശം ലഭിച്ചതു് ഹിന്ദുജാകുടുംബത്തിനാണ് എന്ന് ഇന്നു ലഭ്യമായ വിവരങ്ങൾകൊണ്ട് തീരുമാനിക്കാം.

ആരാണ് ഹിന്ദുജമാർ? ഇന്ത്യാഗവണ്മെൻറുമായുള്ള ഒരിടപാടിൽ ഹിന്ദുജമാർക്ക് എന്തിനു കോഴ നല്കപ്പെട്ടു? ഹിന്ദുജാകുടുംബത്തിന് ഇപ്പോൾ ആയിരത്തി ഒരുനൂറു കോടി ഡോളർ(പതിനാലായിരം കോടി രൂപ) സ്വത്തുണ്ടത്രേ. ഇരുപതോ മുപ്പതോ വർഷംമുമ്പ് ഇവർ ഇടത്തരത്തിലുള്ള ഒരു വ്യാപാരി കുടുംബം മാത്രമായിരുന്നു. ഇത്രയേറെ പണം ഇത്ര ചുരുങ്ങിയ കാലത്തിൽ ഇവർ എങ്ങനെ സമ്പാദിച്ചു?

ഇപ്പോൾ പാകിസ്ഥാനിലെ സിന്ധ് സംസ്ഥാനത്തിലുള്ള 'ഷികാർപുർ' എന്ന സ്ഥലത്തു പിറന്ന പരമാനന്ദ് ഹിന്ദുജ ആണ് ഹിന്ദുജാകുടുംബത്തിൻെറ സ്ഥാപകൻ. ഒരു യാഥാസ്ഥിതിക--ഹിന്ദു വ്യാപാരി കുടുംബത്തിൽ പിറന്ന പരമാനന്ദ് 1915–ൽ തൻെറ ആസ്ഥാനം ഷികാർപുരിൽനിന്ന് ബോംബെയിലേക്കു മാററി; 1919–ൽ ഈറാനിലേക്കു കുടിയേറുകയും ചെയ്തു. ഇന്ത്യയിൽനിന്ന് ഭക്ഷ്യധാന്യങ്ങളും ഗന്ധമസാലകളും വളവും മററും ഈറാനിലേക്ക് ഇറക്കുമതിചെയ്തുകൊണ്ട് ആരംഭിച്ച പരമാനന്ദ് ഹിന്ദുജയുടെ വ്യാപാരം അതിവേഗത്തിൽ വികസിച്ചു. പിന്നീട്, ഏതാണ്ട് അറുപതു വർഷങ്ങളോളം ഹിന്ദുജമാരുടെ പ്രവർത്തനകേന്ദ്രം ഈറാൻ ആയിരുന്നു. വ്യാപാരത്തിൽ നേടിയ പണം ഉപയോഗിച്ച് അവർ ഈറാനിൽ ഭൂസ്വത്തുവാങ്ങി വിററുതുടങ്ങി. ഈറാനിലെ ഭരണാധിപനായിരുന്ന റേസാഷാ പഹ്ലവിയുടെ അടുത്ത സുഹൃത്ത് എന്ന നില ക്രമത്തിൽ പരമാനന്ദിനു കൈവന്നു. സ്വതന്ത്ര ഇന്ത്യയുടെ ഭരണമേധാവികളുമായി, പ്രത്യേകിച്ച് ഇന്ദിരാഗാന്ധിയുമായി അടുക്കുന്നതിന് പരമാനന്ദ് ഹിന്ദുജയുടെ സേവനം ഷാ ഉപയോഗപ്പെടുത്തിയിരുന്നുവത്രെ. ഈറാനുമായി ഇന്ത്യയുടെ സാമ്പത്തിക–സാങ്കേതികബന്ധങ്ങൾ വികസിപ്പിക്കാൻ ഇന്ദിരാഗാന്ധിയെ പ്രേരിപ്പിച്ചതു് പരമാനന്ദ് ആയിരുന്നു. കർണാടകത്തിലെ 'കുദ്രേമുഖ്' എന്ന സ്ഥലത്തുനിന്ന് ഇരുമ്പയിര് വൻതോതിൽ ഈറാനിലേക്കു കയററി അയയ്ക്കാൻ ഈറാനിയൻ മുതൽമുടക്കോടെ ആരംഭിച്ചതും ഷായുടെ സ്ഥാനഭ്രംശംമൂലം നടപ്പിലാവാതെപോയതുമായ പദ്ധതിയുടെ സൂത്രധാരൻ പരമാനന്ദ് ആയിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. ഇക്കാലത്താണ് ബോംബെയിലെ വ്യവസായവൃത്തങ്ങളിൽ ഹിന്ദുജയുടെ പേരു് മുഴങ്ങിക്കേൾക്കാൻ തുടങ്ങിയതു്. പടിഞ്ഞാറെ ഏഷ്യയിലെ ഈറാൻ, ലെബനോൻ മുതലായ രാജ്യങ്ങളിൽ ഹിന്ദിഫിലിമുകൾ അതാതു പ്രദേശത്തെ ഭാഷയിൽ ഡബ്ചെയ്തു പ്രചരിപ്പിക്കുന്ന പ്രവൃത്തിയിലും ഹിന്ദുജമാർ ഏർപ്പെട്ടു. ഈ പ്രവർത്തനത്തിനിടയിൽ അമിതാഭ് ബച്ചൻ അടക്കം ഇന്ത്യൻ സിനിമാരംഗത്തിലെ അതികായന്മാരുമായി ഹിന്ദുജകൾ പരിചയം നേടി; ബോംബെയിലെ ഫിലിം നിർമാണവ്യവസായത്തിൽ അവർ വൻതോതിൽ പണം നിക്ഷേപിക്കുകയുംചെയ്തു. ഇതിനെല്ലാം പുറമേ ലോകവ്യാപകമായ ഒരു ആയുധവ്യാപാരശൃംഖലയിലും അവർ പങ്കാളികളാണെന്ന് കരുതപ്പെടുന്നു. അടുത്തകാലത്തായി, 'അശോക് ലേലൻഡ്' എന്ന ഇന്ത്യൻ ട്രക്ക് നിർമാണസ്ഥാപനത്തിൻെറ 39.9 ശതമാനം ഓഹരികൾ മൂന്നു കോടി പവൻ വിലയ്ക്കു് ഹിന്ദുജമാർ വാങ്ങുകയുണ്ടായി. ഇതിനർത്ഥം അശോക് ലേലൻഡിൻെറ യഥാർത്ഥ ഉടമകൾ ഇപ്പോൾ ഹിന്ദുജമാർ ആണെന്നാണ്. ഇന്ത്യയിൽ വേറെയും ചില കമ്പനികൾ ഇവർ വാങ്ങിക്കഴിഞ്ഞിട്ടുണ്ട്.

കുടുംബസ്ഥാപകനായ പരമാനന്ദ് ഹിന്ദുജ 1971–ൽ മരിച്ചു. അദ്ദേഹത്തിന് നാലു പുത്രന്മാരും (ജി. പി. ഹിന്ദുജ, എസ്. പി. ഹിന്ദുജ, എ. പി. ഹിന്ദുജ, പി. പി. ഹിന്ദുജ) നാലു പുത്രിമാരുമുണ്ടായിരുന്നു. മൂത്ത പുത്രനായിരുന്ന ഗിരിധർ (ജി. പി.) ഹിന്ദുജ മരിച്ചുപോയി. രണ്ടാമത്തെ പുത്രനായ ശ്രീചന്ദ് (എസ്. പി.) ഹിന്ദുജയാണ് ഇപ്പോൾ കുടുംബത്തല

വൻ ന്യൂയോർക്കിൽ മാൻഹട്ടനിലും ലണ്ടനിൽ സെൻറ് ജെയ്ംസ് സ്ക്വയറിലും ഫ്രാൻസിൽ കാൻസിലും ബോംബെയിൽ ജൂഹുവിലും ഇവർക്കു കൊട്ടാരതുല്യങ്ങളായ പാർപ്പിടങ്ങൾ ഉണ്ട്. ഈ സഹോദരന്മാർ ഈ സ്ഥലങ്ങളിൽ മാറിമാറിപ്പാർത്തും ലോകത്തിലാകെ കറങ്ങിയും വ്യാപാരം വർദ്ധിപ്പിക്കുന്നു. ഇളയസഹോദരനായ, ഇപ്പോൾ മുപ്പത്തേഴ വയസ്സുള്ള അശോക് (എ. പി.) ഹിന്ദുജ അധികകാലവും പാർക്കുന്നതു് ബോംബെയിലെ ജൂഹുവിലാണ്. 1987 ഡിസംബറിൽ ഇവിടെവെച്ചു നടത്തിയ ശ്രീചന്ദ് ഹിന്ദുജയുടെ മകളായ ഷാനുവിന്റെ വിവാഹം, ആ ആണ്ടിൽ ഇന്ത്യയിൽ നടന്ന വിവാഹങ്ങളിൽ ഏററവും ആഡംബരപൂർണമായിരുന്നു. ഈ വിവാഹത്തിന് അയച്ച ക്ഷണക്കത്തിന്റെ മുഖചിത്രം വരച്ചതു് പ്രസിദ്ധ ചിത്രകാരനായ എം. എഫ്. ഹുസൈൻ ആണ്. അഞ്ചുലക്ഷം രൂപയാണത്രേ ഈ സേവനത്തിനു പ്രതിഫലമായി ഹിന്ദുജമാർ ഹുസൈനു നൽകിയതു്. ഭാഗം നടത്താത്ത ഒരു കൂട്ടുകുടുംബമാണ് ഹിന്ദുജമാരുടേതു്.

വ്യാപാരം, വ്യവസായം എന്നിവയ്ക്കു പുറമേ മനുഷ്യസേവനപരമായ കാര്യങ്ങളിലും ഹിന്ദുജമാർക്കു താല്പര്യമുണ്ട്. മനുഷ്യസേവനകാര്യങ്ങൾക്കായി അവർ സ്ഥാപിച്ച 'ഹിന്ദുജാ ഫൗണ്ടേഷ'ന്റെ പ്രസിഡണ്ട്, രാജീവ് ഗാന്ധി വിദേശകാര്യ സിക്രട്ടറിസ്ഥാനത്തുനിന്നു മാററിയ എ. പി. വെങ്കടേശ്വരൻ ആണ്. നോബൽസമ്മാനങ്ങൾപോലെ പല രംഗങ്ങളിൽ പ്രശസ്തിക്ക് ഒരു സമ്മാനപരമ്പര സ്ഥാപിക്കാൻ ഈ ഫൗണ്ടേഷനു് ഉദ്ദേശ്യമുണ്ടത്രെ.

നാല്പതുകോടി രൂപ ചെലവഴിച്ചു നിർമിച്ചതും നാന്നൂറു കട്ടിലുകൾ ഉള്ളതുമായ ബോംബെയിലെ പി. ഡി. ഹിന്ദുജാഹോസ്പിററൽ ഈ കുടുംബത്തിന്റെ മനുഷ്യസേവനതാല്പര്യത്തിന്റെ കാണാവുന്ന പ്രതീകമാണ്. ചെലവേറിയ ഈ ആസ്പത്രിയിൽ ദിവസേന 1500 രൂപവരെ വാടക കൊടുക്കേണ്ട മുറികൾ ഉണ്ട്. ഇതിനടുത്തുതന്നെയാണ് 1951-ൽ പരമാനന്ദഹിന്ദുജ പണിയിച്ച നാഷണൽ ഹോസ്പിററൽ. തെരുവിനു കുറുകെ ഒരു മേല്പാലം ഈ ആസ്പത്രികളെ പരസ്പരം യോജിപ്പിക്കുന്നു. പരമാനന്ദിന്റെ മൂത്തപുത്രനായ ഗിരിധർ (ജി. പി.) ഹിന്ദുജയുടെ പത്നിയാണ് (ജി. പി. ഹിന്ദുജ മരിച്ചുപോയി). നാഷണൽ ഹോസ്പിററൽ ഇപ്പോൾ നിയന്ത്രിക്കുന്നതു്. അറുപതുകോടി രൂപയോളം പല സേവനസ്ഥാപനങ്ങൾക്കുമായി ഹിന്ദുജമാർ സംഭാവനചെയ്തതായി അറിവായിട്ടുണ്ട്. ഇപ്പോൾ അമ്പത്തിരണ്ടു വയസ്സായ ശ്രീചന്ദ് (എസ്. പി.) ഹിന്ദുജയാണ് ധാർമികപ്രവർത്തനങ്ങളിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നതു്. ഹിന്ദുജമാർ സസ്യഭക്ഷണക്കാരാണ്. വിരുന്നുകളിൽ അവർ മദ്യം വിളമ്പാറില്ല. 'ഹരേകൃഷ്ണ' പ്രസ്ഥാനത്തെ അവർ ഉദാരമായി സഹായിക്കുന്നുണ്ടത്രെ. ശ്രീചന്ദ് ഹിന്ദുജ ദിവസേന ഒരു മണിക്കൂറോളം ധ്യാനപൂജാദികൾക്കായി ചെലവിടുന്നു. അദ്ദേഹത്തിന്റെ മകന്റെ ഉപനയനം (പൂണൂൽക്കല്യാണം) തികച്ചും യഥാസ്ഥിതികമായ രീതിയിൽ നടത്തുകയുണ്ടായി.

കിട്ടിയ അറിവുകൾ വെച്ചുനോക്കിയാൽ ഇപ്പോൾ ടാററാ കുടുംബത്തെക്കാൾ എത്രയോ അധികം സമ്പന്നമാണ് ഹിന്ദുജാകുടുംബം. പുത്തൻപണക്കാരായതുകൊണ്ടാവാം, ഹിന്ദുജമാർക്ക് ആത്മവിശ്വാസം കുറവാണത്രെ. അതിനാൽ ലോകമെങ്ങുമുള്ള പ്രശസ്തവ്യക്തികളുമായി തങ്ങൾക്ക് അടുത്ത വ്യവസായ-മൈത്രീ ബന്ധങ്ങളുണ്ടെന്ന് മററുള്ളവരെ ബോദ്ധ്യപ്പെടുത്താൻ അവർ ശ്രമിക്കാറുണ്ടെന്നു പറയപ്പെടുന്നു. അതേസമയം, തങ്ങളുടെ സാമ്പത്തികപ്രവർത്തനങ്ങൾ പരമരഹസ്യമായാണ് അവർ നടത്തുന്നതു്. ഹിന്ദുജാകുടുംബത്തെപ്പററിയുള്ള മിക്ക വിവരങ്ങളും ഇപ്പോഴും നിഗൂഢങ്ങളാണ്.

ഇന്ത്യയ്ക്കു് പീരങ്കി വിററവകയിൽ ബോഫോർസ് കമ്പനി ഹിന്ദുജമാർക്ക് ഒരു കോടി മുപ്പത്തേഴുലക്ഷം ഡോളർ കൈക്കൂലി കൊടുത്തതിന് തെളിവു തങ്ങളുടെ കൈവശമുണ്ടെന്ന് സ്വീഡിഷ് റേഡിയോ പ്രഖ്യാപിക്കു

കയുണ്ടായി. 'ഹിന്ദു' പത്രത്തിൻെറ അന്വേഷണഫലമായി പുറത്തുവന്ന രേഖകളെപ്പററി പറഞ്ഞുവല്ലോ? തങ്ങൾ കോഴവാങ്ങിയ വിവരം ഹിന്ദുജമാർ നിഷേധിച്ചിട്ടുണ്ടു്. ഇക്കാര്യത്തിൽ സത്യം എന്തെന്നറിഞ്ഞുകൂടാ. ഹിന്ദുജമാരുമായി പരിചയം ഉണ്ടായിരുന്നുവെങ്കിലും ഇന്ദിരാഗാന്ധി അവരെ വളരെയൊന്നും പ്രോത്സാഹിപ്പിച്ചിരുന്നില്ലത്രെ. രാജീവ്ഗാന്ധിയും ഹിന്ദുജമാരും തമ്മിലും രാജീവ്ഗാന്ധിയുടെ സുഹൃത്തായ അമിതാഭ്ബച്ചനും ഹിന്ദുജമാരും തമ്മിലും എന്തുതരം ബന്ധങ്ങളാണു നിലവിലുള്ളതു്? അറിഞ്ഞുകൂട.

ഏതായാലും, കാലവർഷാരംഭകാലത്തു് പടിഞ്ഞാറെ ആകാശത്തു് ചെറുതായി പ്രത്യക്ഷപ്പെട്ടു് അതിവേഗത്തിൽ പരക്കുന്ന മേഘക്കീറുപോലെ, ഈ സിന്ധി വ്യാപാരികുടുംബത്തിൻെറ നിഴൽ ഇന്ത്യയിലെ വ്യവസായ-സാമ്പത്തിക-സാമൂഹ്യരംഗത്തു് വളരെ വേഗത്തിൽ വ്യാപിച്ചുവരികയാണു്. അതിൻെറ ഫലം എന്തായിരിക്കുമെന്നു് ഇപ്പോൾ പറയാനാവില്ല.

(28 മെയ്, 1988)

# 31. നാടകമോ ഉലകം?

മല്ലേല ബാബ്ജി എന്നു പേരായ ഒരു യുവാവു് 1987 നവംബർ 29-ാം തീയതി ആന്ധ്രപ്രദേശിൽ വിജയവാഡനഗരത്തിൽ ബെസൻറ് റോഡിലുള്ള ദുർഗാ ലോഡ്ജിൽവെച്ചു് ആത്മഹത്യചെയ്തു. ആത്മഹത്യക്കു മുമ്പു്, തന്നെ ആത്മഹത്യയിലേക്കു നയിച്ച കാരണങ്ങളെസ്സംബന്ധിച്ച ഒരു കുറിപ്പു് ബാബ്ജി എഴുതിവെച്ചിരുന്നു. ഈ കുറിപ്പു് അന്നുതന്നെ വിജയവാഡ അർബൻമണ്ഡൽ റവന്യൂ ഓഫീസറുടെ കൈയിലെത്തി. ഈ സർക്കാരുദ്യോഗസ്ഥൻ ആ കുറിപ്പിലെ വിവരങ്ങൾ അപ്പോൾ പുറത്തുവിട്ടില്ല; എങ്കിലും കുറിപ്പു് കളയാതെ സൂക്ഷിച്ചുവെച്ചു.

ബാബ്ജിയുടെ ആത്മഹത്യയെപ്പററി ചില ആരോപണങ്ങൾ ഉയർന്നുവന്നപ്പോൾ അതിനെപ്പററി അന്വേഷിക്കാൻ ഒരു കമ്മീഷൻ ആയി ജസ്റ്റിസ് ശ്രീ രാമുലുവിനെ ആന്ധ്രപ്രദേശ് ഗവണ്മെൻറ് നിയമിച്ചു. അന്വേഷണത്തിനിടയിൽ, ജസ്റ്റീസ് ശ്രീ രാമുലുവിൻെറ ദൃഷ്ടിയിൽ ബാബ്ജിയുടെ ആത്മഹത്യക്കുറിപ്പു് എത്തിപ്പെട്ടു. അദ്ദേഹം 1988 ജൂൺ 11-ാം തീയതി അതു പത്രങ്ങൾക്കു നൽകി. വിശ്വസിക്കാൻ വളരെയധികം പ്രയാസമുള്ള ഒരു കഥയുടെ ചുരുളുകൾ നിവരാൻ ഈ കുറിപ്പിൻെറ പ്രസിദ്ധീകരണം സഹായിച്ചു. (കഥ കൃത്രിമമോ സത്യമോ എന്നു് വായനക്കാർ തീരുമാനിക്കുക.)

രാമറാവു അഭിനയിച്ച ഫിലിമുകൾ ബാല്യംമുതൽ കണ്ടു കണ്ടു വളർന്ന ബാബ്ജി ആ നടൻെറ വലിയൊരു ആരാധകൻ (ഫാൻ) ആയിരുന്നു. രാമറാവു അഭിനയിച്ച ഫിലിമുകളിലെ പാട്ടുകൾക്കൊപ്പിച്ചു് നൃത്തംചെയ്യുകയായിരുന്നു അയാളുടെ ബാല്യകാല വിനോദം. ഗുണ്ടൂരിലെ ഒരു പള്ളിയിൽ ക്രിസ്മസ് കാലത്തു് അയാളുടെ ഒരു നൃത്തപ്രകടനം നടക്കുകയുണ്ടായി. നൃത്തവൈഭവംമൂലമാവാം, പത്തിരുപതു വയസ്സാകുമ്പോഴേക്കു് അയാൾ രാമറാവുവിൻെറയും അദ്ദേഹത്തിൻെറ ജാമാതാവായ ചന്ദ്രബാബു നായിഡുവിൻെറയും ശ്രദ്ധയിൽപ്പെട്ടു. രാമറാവു ആന്ധ്രപ്രദേശിലെ മുഖ്യമന്ത്രിയായപ്പോൾ, അടുത്തുതന്നെ തനിക്കു് പോലീസിൽ ഒരു സബ് ഇൻസ്പെക്ടറുടെ ജോലി കിട്ടുമെന്നു് ബാബ്ജി തൻെറ അമ്മയായ രാമുലമ്മയെ പറഞ്ഞു വിശ്വസിപ്പിക്കുകയുണ്ടായി. ഇനി നമുക്കു് ബാബ്ജിയുടെ ആത്മഹത്യക്കുറിപ്പിലേക്കു് മടങ്ങുക. അതിൽ ബാബ്ജി ഇങ്ങനെ എഴുതിയിരിക്കുന്നു: